കേരള സർക്കാർ

<u>സംഗ്രഹം</u>

വനിത ശിശു വികസന വകുപ്പ് - സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലർമാരുടെ 2024-25 ജില്ലാതല ത്രൈമാസ റിവ്യൂ മീറ്റിംഗ് നടത്തുന്നതിനുള്ള ഭരണാനുമതിയും തുക ചെലവഴിക്കുന്നതിനുള്ള അനുമതിയും നൽകി ഉത്തരവാകുന്നു.

വനിത ശിശു വികസന (സി) വകുപ്പ്

**G.O.(Rt)244/2024/WCDD** **Dated,18/07/2024**

---

എ.എസ് നമ്പർ : AS/WCD/24/35785 കാലാവധി : 31/03/2025

പരാമർശം:- 1. 28.04.2023-ലെ സ.ഉ (സാധാ) നം.214/2023/WCDD നമ്പർ ഉത്തരവ്

2. വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ 09.04.2024-ലെ No.DWCD/1978/2024-A6 നമ്പർ കത്ത്

3. 26/06/2024-ലെ ഒന്നാമത്തെ ഡിപ്പാർട്ട്മെന്റൽ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്ട്സ്

<u>ഉത്തരവ്</u>

വനിതാ ശിശു വികസന വകുപ്പിന് കീഴിൽ സംസ്ഥാനത്ത് സർക്കാർ അനുമതി ലഭിച്ച 1012 സ്കൂളുകളിലായി നടപ്പിലാക്കി വരുന്ന സൈക്കോ സോഷ്യൽ പദ്ധതിക്ക് കീഴിൽ നിലവിൽ 1012 സ്കൂൾ കൗൺസിലർമാർ സേവനമനുഷ്ഠിച്ചുവരുന്നു. 2023 - 24 സാമ്പത്തിക വർഷം പരാമർശം (1) പ്രകാരം പ്രസ്തുത സ്കൂൾ കൗൺസിലർമാരുടെ ജില്ലാതല ത്രൈമാസ റിവ്യൂ മീറ്റിംഗ് സംഘടിപ്പിച്ചിരുന്നു.

2. സ്കൂൾ കൗൺസിലർമാരുടെ പ്രവർത്തനം വിലയിരുത്തുക, ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക, MPR അവലോകനയോഗം, കൗൺസിലിംഗ് മേഖലയിൽ അവർ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുക, ആയതിനുള്ള പരിഹാരം നിർദ്ദേശിക്കുക, കൗൺസിലിംഗ് മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രഗൽഭരായ ഫാക്കൽറ്റികളെകൊണ്ട് ക്ലാസുകൾ നൽകുക എന്നിവയാണ് അവലോകനയോഗം കൊണ്ട് ലക്ഷ്യമിടുന്നതെന്നും 2024 - 25 വർഷവും സ്കൂൾ കൗൺസിലർമാരുടെ ജില്ലാതല ത്രൈമാസ അവലോകനയോഗങ്ങൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നും അതിലേയ്ക്കായി ചുവടെ ചേർക്കുന്ന രീതിയിൽ ചെലവ് പ്രതീക്ഷിക്കുന്നുണ്ടെന്നും ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്യുന്നു.

ഒരു quarter

| | | | |
|---|---|---|---|
| 1. | Hall rent | Rs. 5,000 x 14 (ജില്ലകൾ) | 70,000/- |
| 2. | Working fund (Lunch & 2 refreshment) | Rs. 200 x 1012 (Total Counselors) | 2,02,400/- |

AS/WCD/24/35785

| | | | |
|---|---|---|---|
| 3. | Honorarium to Faculties | Rs. 1,000 x 14 | 14,000/- |
| | | Total | 2,86,400 |

4 quarter ലേക്ക് ആവശ്യമായ തുക = 2,86,400 x 4 = 11,45,600/-

പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | ആകെ | 11,45,600 |
| ആകെ (പതിനൊന്ന് ലക്ഷത്തി നാല്പത്തി അയ്യായിരത്തി അറുന്നൂറ് രൂപ) | | **11,45,600** |

AS/WCD/24/35785

3. മേൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുമതിയും അതിലേക്കാവശ്യമായ തുക 11,45,600/- രൂപ ( പതിനൊന്ന് ലക്ഷത്തി നാൽപ്പത്തി അയ്യായിരത്തി അറുന്നൂറ് രൂപാ മാത്രം) നടപ്പു വർഷം സൈക്കോ സോഷ്യൽ പദ്ധതിക്കായി 2235-02-102-62 (P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ചെലവഴിക്കുന്നതിനുമുള്ള അനുമതിയും തേടികൊണ്ട് വ.ശി.വി.വ ഡയറക്ടർ പരാമർശം (2) പ്രൊപ്പോസൽ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്കായി സമർപ്പിച്ചിരുന്നു.

4. പ്രസ്തുത പ്രൊപ്പോസൽ 26/06/2024-ലെ ഒന്നാമത്തെ വർക്കിംഗ് ഗ്രൂപ്പ് യോഗം പരിശോധിച്ച് പരാമർശം (3) പ്രകാരം അംഗീകാരം (ഇനം28) നൽകി സാഹചര്യത്തിൽ, 2024 - 25 സാമ്പത്തിക വർഷവും സ്കൂൾ കൗൺസിലർമാരുടെ ജില്ലാതല ത്രൈമാസ അവലോകനയോഗങ്ങൾ സംഘടിപ്പിക്കുവാൻ അനുമതിയും അതിലേക്കാവശ്യമായ തുക 11,45,600/- രൂപ (പതിനൊന്ന് ലക്ഷത്തി നാൽപ്പത്തി അയ്യായിരത്തി അറുന്നൂറ് രൂപാ മാത്രം) നടപ്പു വർഷം സൈക്കോ സോഷ്യൽ പദ്ധതിക്കായി 2235-02-102-62 (P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതിയും നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

സന്തോഷ് കുമാർ.റ്റി.കെ,
അഡീഷണൽ സെക്രട്ടറി,

വനിത ശിശു വികസന വകുപ്പ്

To

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ/എ & ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വനിത ശിശു വികസന (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഓർഡർ പ്രകാരം കൈമാറി,
Santhosh Kumar T K

Digitally signed by SANTHOSHKUMAR T K
Date:2024.07.20 12:41:42 +05:30

AS/WCD/24/35785